# സർവ്വ അനുഭൂതികളുടെയും പ്രാപ്തിയുടെ ആധാരം- പവിത്രത

ഇന്ന് സ്നേഹ സാഗരനായ ബാപ്ദാദ തന്റെ നാനാ ഭാഗത്തുമുള്ള ആത്മീയ കുട്ടകളുടെ ആത്മീയ ഭാവങ്ങൾ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോ ബ്രാഹ്മണ കുട്ടിയുടെയും ഭാവത്തിൽ ആത്മീയത യുണ്ട് എന്നാൽ നമ്പർവാറാണ് കാരണം ആത്മീയതയുടെ ആധാരം പവിത്രതയാണ്. സങ്കല്പം, വാക്ക്, കർമ്മത്തിൽ പവിത്രതയുടെ ധാരണ എത്രത്തോളം ഉണ്ടാകുന്നുവൊ അതിനനുസരിച്ച് ആത്മീയതയുടെ തിളക്കം മുഖത്തിൽ കാണപ്പെടുന്നു. ബ്രാഹ്മണ ജീവിതത്തിന്റെ തിളക്കം പവിത്രതയാണ്. നിരന്തരം അതീന്ദ്രിയ സുഖത്തിന്റെയും സ്വീറ്റ് സയൻസിന്റെയും വിശേഷ ആധാരം പവിത്രതയാണ്. പവിത്രത നമ്പർവാറാണ് അണെങ്കിൽ ഈ അനുഭവങ്ങളുടെ പ്രാപ്തിയും നമ്പർവാറാണ്. പവിത്രത നമ്പർ വൺ ആണെങ്കിൽ ബാബയിലൂടെയുള്ള അനുഭവങ്ങളുടെ പ്രാപ്തിയും നമ്പർവൺ ആണ്. പവിത്രതയുടെ തിളക്കം സ്വതവേ തന്നെ നിരന്തരം മുഖത്ത് കാണപ്പെടുന്നു. പവിത്രതയുടെ ആത്മീയതയുടെ നയനം സദാ നിർമലമായി കാണപ്പെടും. സദാ നയനങ്ങളിൽ ആത്മാവും ആത്മീയ അച്ഛന്റെ തിളക്കവും അനുഭവപ്പെടും. ഇന്ന് ബാപ്ദാദ സർവ്വ കുട്ടികളുടെ തിളക്കം വിശേഷിച്ചും കണ്ടു കൊണ്ടിരിക്കുകയായിരുന്നു. പവിത്രത കേവലം ബ്രഹ്മചര്യം മാത്രമല്ല. എന്നാൽ സദാ ബ്രഹ്മചാരി, സദാ ബ്രഹ്മാചാരി അർത്ഥം ബ്രഹ്മാബാബയുടെ ആചരണമനുസരിച്ച് ഒരോ ചുവട് വച്ച് നടക്കുന്നവർ. അവരുടെ സങ്കല്പം, വാക്ക്, കർമ്മമാകുന്ന ചുവട് സ്വാഭാവികമായി ബ്രഹ്മാബാബയുടെ ചുവടനുസരിച്ചായിരിക്കും. അതിനെയാണ് നിങ്ങൾ കാൽ ചുവട് എന്ന് പറയുന്നത്. അവരുടെ ഓരോ ചുവടിലും ബ്രഹ്മാബാബയുടെ ആചരണം കാണപ്പെടും. അതിനാൽ ബ്രഹ്മചാരിയാകുക പ്രയാസമല്ല, എന്നാൽ മനസ്സ്, വാക്ക്, കർമ്മത്തിന്റെ ചുവടിൽ ബ്രഹ്മാചാരിയാകണം- ഇത് പരിശോധിക്കേണ്ടത് ആവശ്യമാണ്. ബ്രഹ്മാചാരിയായിട്ടുള്ളവരുടെ മുഖം, ചലനം സദാ അന്തർമുഖിയും, അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ലഭിക്കുന്നതുമായിരിക്കും.

ഒന്നുണ്ട് സയൻസിന്റെ സാധനം, ബ്രാഹ്മണ ജീവിതത്തിലുള്ളത് ജ്ഞാനത്തിന്റെ സാധനം. അതിനാൽ ബ്രഹ്മാചാരി ആത്മാവ് സയൻസിന്റെ സാധനം അഥവാ ജ്ഞാനത്തിന്റെ സാധനത്തിന്റെ ആധാരത്തിൽ സദാ സുഖിയാകുന്നില്ല. എന്നാൽ സാധനങ്ങളെയും തന്റെ സാധനയുടെ സ്വരൂപത്തിൽ കാര്യത്തിൽ കൊണ്ടു വരുന്നു. സാധനങ്ങളെ ആധാരമാക്കുന്നില്ല എന്നാൽ തന്റെ സാധനയുടെ ആധാരത്തിൽ സാധനങ്ങളെ കാര്യത്തിൽ ഉപയോഗിക്കുന്നു- ഏതു പോലെ ബ്രാഹ്മണാത്മാക്കൾ ഇടയ്ക്ക് പറയുന്നു- എനിക്ക് ഈ അവസരം ലഭിച്ചില്ല, ഇന്ന കാര്യത്തിന്റെ സഹായം ലഭിച്ചില്ല. ഇന്ന കൂട്ട് ലഭിച്ചില്ല അതിനാൽ സന്തോഷം കുറഞ്ഞു അഥവാ സേവനത്തിന്റെ, സ്വയത്തിന്റെ ഉണർവ്വും ഉത്സാഹവും കുറഞ്ഞു. ആദ്യം വളരെ അതീന്ദ്രിയ സുഖമുണ്ടായിരുന്നു, ഉണർവ്വും ഉത്സാഹവുമുണ്ടായിരുന്നു- ഞാനും ബാബയും, മറ്റൊന്നും കാണപ്പെടുന്നില്ലായിരുന്നു. എന്നാൽ ഭൂരിപക്ഷം പേരും അഞ്ചോ പത്തോ വർഷത്തിനുള്ളിൽ സ്വയത്തിൽ ചഞ്ചലത അനുഭവിക്കുന്നു. ഇതിന്റെ കാരണമെന്താണ്? ആദ്യത്തെ വർഷേത്തേക്കാൾ 10 വർഷത്തിൽ ഉണർവ്വും ഉത്സാഹവും 10 ഇരട്ടി വർദ്ധിക്കേണ്ടേ. എന്നാൽ എന്ത് കൊണ്ട് കുറഞ്ഞു? അതിന്റെ കാരണമാണ്- സാധനയുടെ സ്ഥിതിയിലിരുന്ന് സാധനങ്ങള കാര്യത്തിൽ കൊണ്ടു വരുന്നില്ല. ഏതെങ്കിലും ആധാരത്തെ തന്റെ ഉന്നതിയുടെ ആധാരമാക്കി മാറ്റുന്നു, ആ ആധാരം കുലുങ്ങുമ്പോൾ ഉണർവ്വും ഉത്സാഹവും കുലുങ്ങുന്നു. ആധാരമെടുക്കുക എന്നത് മോശമായ കാര്യമല്ല. എന്നാൽ ആധാരത്തെ തന്നെ അടിത്തറയാക്കി കളയുന്നു. ബാബ ഇടയിൽ നിന്നും ഇല്ലാതാകുന്നു, ആധാരത്തെ അടിത്തറയാക്കുന്നു, അതിനാൽ എന്ത് ചഞ്ചലതയുണ്ടാകുന്നു? അങ്ങനെയായിരുന്നെങ്കിൽ ഇങ്ങനെയാകില്ലായിരുന്നു, അങ്ങനെയാണെങ്കിൽ ഇങ്ങനെയായേനേ, ഇത് വളരെ ആവശ്യമാണ്- ഇങ്ങനെ അനുഭവപ്പെടുന്നു. സാധനയുടെയും സാധനങ്ങളുടെയും ബാലൻസ് ഉണ്ടാകുന്നില്ല. സാധനങ്ങളുടെ നേർക്ക് ബുദ്ധി കൂടുതൽ പോകുന്നു. സാധനയുടെ നേർക്ക് ബുദ്ധി കുറവായിട്ടാണ് പോകുന്നത്, അതിനാൽ ഏതൊരു കാര്യത്തിലും , സേവനത്തിലും ബാബയുടെ ആശീർവാദം അനുഭവിക്കുന്നില്ല. ആശീർവാദത്തിന്റെ അനുഭവമില്ലാത്തത് കാരണം സാധനയിലൂടെ സഫലത ലഭിക്കുമ്പോൾ വളരെ നല്ല ഉണർവ്വും ഉത്സാഹവും ഉണ്ടാകുന്നു, സഫലത കുറയുമ്പോൾ ഉണർവ്വും ഉത്സാഹവും കുറയുന്നു. സാധന അർത്ഥം ശക്തിശാലി ഓർമ്മ. നിരന്തരം ബാബയുമായി ഹൃദയത്തിന്റെ സംബന്ധം. കേവലം യോഗത്തിലിരുന്നു....ഇതിനെ മാത്രമല്ല സാധനയെന്നു പറയുന്നത്, ഏതുപോലെ ശരീരത്തിൽ വസിക്കുന്നു അതേപോലെ ഹൃദയം, മനസ്സ്, ബുദ്ധി ഒരേയൊരു ബാബയിലേക്ക് ബാബയോടൊപ്പം ആയിരിക്കണം. ശരീരം ഇവിടെയാണെങ്കിലും മനസ്സ് ഒരു ഭാഗത്തേക്ക്, ബുദ്ധി മറ്റൊരു ഭാഗത്തേക്ക് പോകുന്നു, ഹൃദയത്തിൽ എന്തൊക്കെയോ വരുന്നു- ഇതിനെ സാധനയെന്ന് പറയില്ല. മനസ്സ്, ബുദ്ധി, ഹൃദയം, ശരീരം നാലും ഒപ്പത്തിനൊപ്പം, ബാബയോടൊപ്പം സമാന

സ്ഥിതിയിലായിരിക്കണം– ഇതാണ് യഥാർത്ഥമായ സാധന. മനസ്സിലായോ? യഥാർത്ഥമായ സാധനയില്ലായെങ്കിൽ പിന്നെ ആരാധനയായി മാറുന്നു. നേരത്തെയും കേൾപ്പിച്ചു, ചിലപ്പോൾ ഓർമ്മിക്കുന്നു, ചിലപ്പോൾ പരാതിപ്പെടുന്നു. ഓർമ്മയിൽ പരാതിയുടെ ആവശ്യമില്ല. സാധന ചെയ്യുന്നവരുടെ ആധാരം സദാ ബാബ തന്നെയായിരിക്കും. ബാബയുള്ളയിടത്ത് സദാ കുട്ടികളുടെ പറക്കുന്ന കലയാണ്. കുറയുകയില്ല എന്നാൽ അനേക മടങ്ങ് വർദ്ധിക്കുന്നു. ഇടയ്ക്ക് മുകളിൽ ഇടയ്ക്ക് താഴെ– ഇങ്ങനെയാകുമ്പോൾ ക്ഷീണം അനുഭവപ്പെടുന്നു. കുലുക്കമുള്ള സ്ഥലത്തിരിക്കുമ്പോൾ എന്ത് സംഭവിക്കും? ട്രെയിനിൽ വളരെ കുലുക്കം അനുഭവപ്പെടുമ്പോൾ ക്ഷീണിക്കാറില്ലേ. ചിലപ്പോൾ ഉണർവ്വിലും ഉത്സാഹത്തിലും പറക്കുന്നു, ചിലപ്പോൾ ഇടയ്ക്ക് നിന്നു പോകുന്നു, ഇടയ്ക്ക് താഴേക്ക് വരുന്നു, അപ്പോൾ ചഞ്ചലതയായില്ലേ. ഒന്നുകിൽ ക്ഷീണിക്കുന്നു അല്ലെങ്കിൽ ബോറാകുന്നു. പിന്നെ ചിന്തിക്കുന്നു– ഇനിയിങ്ങനെ തന്നെ നടക്കണോ. എന്നാൽ സാധനയിലൂടെ ആരാണോ ബാബയോടൊപ്പമുള്ളത്, അവർക്ക് സംഗമയുഗത്തിൽ പുതിയ അനുഭവം തന്നെയുണ്ടാകുന്നു. ഓരോ നിമിഷത്തിൽ, ഓരോ സങ്കല്പത്തിൽ നവീനതയുണ്ടാകണം കാരണം ഓരോ ചുവടിലും പറക്കുന്ന കല അർത്ഥം പ്രാപ്തിയുടെ മേൽ പ്രാപ്തിയുണ്ടായി കൊണ്ടിരിക്കുന്നു. സദാ പ്രാപ്തിയാണ്. സംഗമയുഗത്തിൽ ബാബ സദാ സമ്പത്തിന്റെ വരദാനത്തിന്റെ രൂപത്തിൽ പ്രാപ്തി ചെയ്യിക്കുന്നു, അതിനാൽ പ്രാപ്തിയിൽ സന്തോഷമുണ്ട്, സന്തോഷത്തിൽ ഉണർവ്വും ഉത്സാഹവും വർദ്ധിച്ചു കൊണ്ടിരിക്കും. കുറയില്ല. മായ വന്നാലും വിജയിയാകുന്നതിന്റെ സന്തോഷം ഉണ്ടായിരിക്കും കാരണം മായയുടെ മേൽ വിജയം പ്രാപ്തമാക്കുന്ന നോളേജ്ഫുളായി. അതിനാൽ 10 വർഷമായവർക്ക് 10 ഇരട്ടി, 20 വർഷമായവർക്ക് 20 ഇരട്ടി ആണോ? പറയുമ്പോൾ ഇങ്ങനെ പറയും പക്ഷെ അനേകമിരട്ടിയാണ്.

ഈ വർഷം എന്ത് ചെയ്യും? ഉണർവ്വും ഉത്സാഹവും ബാബയിലൂടെ ലഭിച്ച നിങ്ങളുടെ സ്വന്തം സമ്പത്താണ്. ബാബയുടെ സമ്പത്തിനെ തന്റേതാക്കി, അതിനാൽ സമ്പത്തിനെ വർദ്ധിപ്പിക്കുകയാണോ അതോ കുറയ്ക്കുകയാണോ? ഈ വർഷം വിശേഷിച്ച് 4 പ്രകാരത്തിലുള്ള സേവനത്തിൽ ശ്രദ്ധിക്കണം. ഡബിൾ അടിവരയിടണം.

ആദ്യത്തെ നമ്പറാണ്– സ്വയത്തിന്റെ സേവനം. രണ്ടാമത്തേതാണ്– വിശ്വ സേവനം. മൂന്നാമത്തേതാണ്– മനസ്സാ സേവനം. ഒന്നുണ്ട് വാക്കുകളിലൂടെ സേവനം, രണ്ടാമത്തേത് മനസ്സാ സേവനവും വിശേഷമാണ്. നാലാമത്തേതാണ്– യജ്ഞ സേവനം.

എവിടെയാണെങ്കിലും, ഏതു സേവാ സ്ഥാനത്താണെങ്കിലും ആ സേവാസ്ഥാനമെല്ലാം യജ്ഞകുണ്ഡമാണ്. കേവലം മധുബൻ മാത്രമല്ല യജ്ഞം, നിങ്ങളുടെ സേവാ സ്ഥാനവും യജ്ഞമാണ്. അതിനാൽ യജ്ഞ സേവനം അർത്ഥം കർമ്മത്തിലൂടെ എന്തെങ്കിലും സേവനം തീർച്ചയായും ചെയ്യണം. ബാപ്ദാദായുടെയടുത്ത് സേവനത്തിന്റെ മൂന്ന് പ്രകാരത്തിലുള്ള കണക്ക് സർവ്വരുടെയും ശേഖരിക്കപ്പെടുന്നു. മനസ്സാ, വാചാ, കർമ്മണാ, ശരീരം,മനസ്സ്, ധനം. ചില ബ്രാഹ്മണർ ചിന്തിക്കുന്നു– എനിക്ക് ധനം കൊണ്ട് സഹയോഗിയാകാൻ സാധിക്കില്ല, സേവനം ചെയ്യാൻ സാധിക്കില്ല കാരണം ഞാൻ സമർപ്പണമാണ്. ധനം സമ്പാദിക്കുന്നേയില്ല പിന്നെങ്ങനെ ധനം കൊണ്ട് സേവനം ചെയ്യും? എന്നാൽ സമർപ്പണമായ ആത്മാവ് യജ്ഞത്തിന്റെ കാര്യത്തിൽ ശ്രദ്ധിച്ച് മിതവ്യയം പാലിക്കുന്നുവെങ്കിൽ ധനത്തിന്റെ മിതവ്യയം ചെയ്തു, ആ ധനം സ്വന്തം പേരിൽ ശേഖരിക്കപ്പെടുന്നു, ഇത് സൂക്ഷമമായ കണക്കാണ്. ആരെങ്കിലും നഷ്ടം വരുത്തുന്നു എങ്കിൽ സമ്പാദ്യത്തിൽ നഷ്ടത്തിന്റെ കണക്കുണ്ടാകുന്നു, മിതവ്യയം ചെയ്യുമ്പോൾ അത് ധനത്തിന്റെ കണക്കിൽ ശേഖരിക്കപ്പെടുന്നു. യജ്ഞത്തിലെ ഓരോ പൈസയും സ്വർണ്ണ നാണയത്തിന് സമാനമാണ്. യജ്ഞത്തിൽ മിതവ്യയം ചെയ്യുന്നത് ഹൃദയത്തിൽ നിന്നാണെങ്കിൽ, അവരുടെ സ്വർണ്ണ നാണയങ്ങൾ ശേഖരിക്കപ്പെടുന്നു. രണ്ടാമത്തെ കാര്യം– സമർപ്പണമായ ആത്മാവ് സേവനത്തിലൂടെ മറ്റുള്ളവരുടെ ധനത്തെ സഫലമാക്കിക്കുന്നുവെങ്കിൽ അതിലൂടെയും അവർക്ക് ഷെയർ ലഭിക്കുന്നു. അതിനാൽ സർവ്വരുടെയും മൂന്ന് പ്രകാരത്തിലുള്ള കണക്കുണ്ട്. മൂന്ന് കണക്കുകളുടെയും ശതമാനം നല്ലതായിരിക്കണം. ചിലർമനസ്സിലാക്കുന്നു– ഞാൻ വാചാ സേവനത്തിൽ വളരെ ബിസിയാകുന്നു, എന്റെ ഡ്യൂട്ടി തന്നെ വാചാ സേവനമാണ്, മനസ്സായിലും കർമ്മണായിലും ശതമാനം കുറയുന്നു എന്നാൽ ഈ ഒഴിവ് കഴിവും നടക്കില്ല. വാചാ സേവനത്തിന്റെ സമയത്ത് മനസ്സായും വാചാ സേവനവും ഒരുമിച്ച് ചെയ്യൂ എങ്കിൽ റിസൾട്ട് എന്തായിരിക്കും? മനസ്സാ വാചാ ഒരുമിച്ച് സേവനം നടക്കുമോ? എന്നാൽ വാചാ സഹജമാണ്, മനസ്സാ സേവനത്തിൽ ശ്രദ്ധിക്കേണ്ടയായ കാര്യങ്ങളുണ്ട്, അതിനാൽ വാചായിലൂടെ സമ്പാദിക്കപ്പെടുന്നു മനസ്സാ സമ്പാദ്യം ശൂന്യമായി പോകുന്നു. വാചാ സേവനത്തിൽ സർവ്വരും ബാബയേക്കാൾ സമർത്ഥരാണ്. നോക്കൂ, ഇന്നത്തെക്കാലത്ത് വലിയ ദാദിമാരേക്കാൾ നന്നായി പ്രഭാഷണം ചെറിയവരാണ് ചെയ്യുന്നത് കാര്യം ന്യൂ ബ്ലഡ്ഡാണ്. മുന്നോട്ട് പൊയ്ക്കോളൂ, ബാപ്ദാദായ്ക്ക് സന്തോഷമാണ്. എന്നാൽ മനസ്സാ

സേവനത്തിന്റെ സമ്പാദ്യം ശൂന്യമായിരിക്കും കാരണം ഓരോ സമ്പാദ്യത്തിനും നൂറ് മാർക്കാണ്. കേവലം സ്ഥൂലമായ സേവനത്തെ കർമ്മണാ സേവനമെന്ന് പറയില്ല.കർമ്മണാ അർത്ഥം സംഘടനയിൽ സംബന്ധ സമ്പർക്കത്തിൽ വരിക. അതിനാൽ പലരുടെയും മൂന്ന് കണക്കുകളിലും വളരെ വ്യത്യാസമുണ്ട്, ഞാൻ വളരെ നന്നായി സേവനം ചെയ്യുന്നു, ഞാൻ വളരെ നല്ലതാണ് എന്ന് ഓർത്ത് സന്തോഷിക്കുന്നു. സന്തോഷമായിരുന്നോളൂ എന്നാൽ സമ്പാദ്യം ഒരിക്കലും ശൂന്യമാകരുത്. കാരണം ബാപ്ദാദ കുട്ടികളുടെ സ്നേഹിയല്ലേ. ഇങ്ങനെയും സംഭവിക്കും എന്ന സൂചന എനിക്ക് നല്കിയില്ലല്ലോ എന്ന പരാതി പറയരുത്, ഇങ്ങനെയും സംഭവിക്കുന്നു. ബാപ്ദാദ ആ സമയത്ത് ഈ പോയിന്റ് ഓർമ്മിപ്പിക്കും. ടി വിയിൽ ചിത്രം മുന്നിൽ വരും, അതിനാൽ ഈ വർഷം സേവനം വളരെ നന്നായി ചെയ്തോളൂ എന്നാൽ ഈ മൂന്ന് പ്രകാരത്തിലുള്ള സമ്പാദ്യം, നാല് പ്രകാരത്തിലുള്ള സേവനവും ഒപ്പത്തിനൊപ്പം ചെയ്യൂ. വാചാ സേവനം കൂടുതലും, മനസ്സായും കർമ്മണായും കുറവാണെങ്കിൽ എന്ത് സംഭവിക്കും? സന്തുലനം ഉണ്ടാകില്ലല്ലോ. സന്തുലനമില്ലാത്തതിനാൽ ഉണർവ്വും ഉത്സാഹവും കൂടിയും കുറഞ്ഞുമിരിക്കുന്നു. ഒന്ന് ശ്രദ്ധിക്കണം ബാപ്ദാദ അടിക്കടി പറയുന്നു– അറ്റൻഷനെ ടെൻഷനിലേക്ക് പരിവർത്തനപ്പെടുത്തരുത്. ചില സമയത്ത് അറ്റൻഷനെ ടെൻഷനാക്കി മാറ്റുന്നു– ഇങ്ങനെ ചെയ്യരുത്. സഹജവും സ്വാഭാവികവുമായ അറ്റൻഷൻ ഉണ്ടായിരിക്കണം. ഡബിൾ ലൈറ്റ് സ്ഥിതിയിൽ സ്വാഭാവിക ശ്രദ്ധ ഉണ്ടായിരിക്കും. ശരി.

സദാ തന്റെ മുഖത്തിലും ചലനത്തിലും പവിത്രതയുടെ ആത്മീയതയുടെ തിളക്കമുള്ള. സദാ ഓരോ ചുവടിലും ബ്രഹ്മാചാരിയായ ശ്രേഷ്ഠ ആത്മാക്കൾ, സദാ തന്റെ സേവനത്തിന്റെ സർവ്വ സമ്പാദ്യത്തെ നിറച്ചു വയ്ക്കുന്ന, സദാ ഹൃദയം കൊണ്ട് സ്വ ഉന്നതിയുടെ ദൃഢ സങ്കല്പമെടുക്കുന്ന, സദാ സ്വഉന്നതിയിൽ സ്വയത്തെ നമ്പർവൺ നിമത്ത ആത്മാവാക്കുന്ന– അങ്ങനെയുള്ള ബാബയുടെ പ്രിയപ്പെട്ട, വിശേഷിച്ച് ബ്രഹ്മാവാകുന്ന അമ്മയുടെ പ്രിയപ്പെട്ട, ഇന്ന് അമ്മയുടെ ദിനം ആഘോഷിച്ചില്ലേ, അതിനാൽ ബ്രഹ്മാവാകുന്ന അമ്മയുടെ പ്രിയപ്പെട്ട കുട്ടികൾക്ക് ബ്രഹ്മാവാകുന്ന അമ്മയുടെ, വിശേഷിച്ച് ബാബയുടെയും ഹൃദയത്തിൽ നിന്നുള്ള സ്നേഹസ്മരണയും നമസ്തേ.

മധുബൻ നിവാസികളോട്– മധുബൻ നിവാസികൾക്ക് വിശേഷിച്ചും സ്വർണ്ണിമ അവസരമാണ് ലഭിച്ചിരിക്കുന്നത് അതിനാൽ ഡ്രാമയനുസരിച്ച് അടിക്കടി സ്വർണ്ണിമ അവസരം ലഭിക്കുന്നവർക്ക് ബാപ്ദാദ വലുതിലും വച്ച് വലിയ ചാൻസലർ എന്നാണ് പറയുന്നത്. സേവനത്തിന്റെ ഫലവും ബലവും പ്രാപ്തമാകുന്നു. ബലവും ലഭിച്ചു കൊണ്ടിരിക്കുന്നു, ആ ബലം സേവനം ചെയ്തു കൊണ്ടിരിക്കുന്നു, ഫലം സദാ ശക്തിശാലിയാക്കി മുന്നോട്ടുയർത്തി കൊണ്ടിരിക്കുന്നു. ഏറ്റവും കൂടുതൽ മുരളികൾ കേൾക്കുന്നതാരാണ്? മധുബൻ നിവാസികൾ. ബാക്കിയുള്ളവർ എണ്ണിയാണ് കേൾക്കുന്നത് നിങ്ങളാണെങ്കിൽ സദാ കേട്ടു കൊണ്ടിരിക്കുന്നു. കേൾക്കുന്നതിലും നമ്പർവൺ ആണ്, ചെയ്യുന്നതിലോ? ചെയ്യുന്നതിലും നമ്പർവൺ ആണോ അതോ ഇടയ്ക്ക് രണ്ടാമതായി മാറുന്നുണ്ടോ? സമീപത്തുള്ളവരുടെ മേൽ ഒരു വിശേഷ അധികാരമുണ്ടായിരിക്കും, ബാപ്ദാദായ്ക്കും വിശേഷ അധികാരമുണ്ട്. ചെയ്യുക തന്നെ വേണം, നമ്പർവൺ ആകണം. ഒന്നിലും നമ്പർ പിന്നിലേക്ക് പോകരുത്. സർവ്വ സമ്പാദ്യത്തിന്റെ കണക്കും നമ്പർവൺ ഫുൾ ആയിരിക്കണം. ഒരു സമ്പാദ്യം പോലും ശൂന്യമാകരുത്. ഏതു പോലെ മധുബനിൽ സർവ്വ പ്രാപ്തികൾ, ആത്മീയ രീതിയിലാകട്ടെ, ശരീരത്തിനായുള്ളതാകട്ടെ സർവ്വതും നമ്പർവൺ ആയി ലഭിക്കുന്നു. അതേ പോലെ ഇപ്പോൾ ചെയ്യുന്നതിൽ സദാ നമ്പർവൺ. വണിന്റെ ലക്ഷണമാണ്– ഓരോ കാര്യത്തിലും വിൻ ചെയ്യുക( വിജയിക്കുക). വിജയിയാണെങ്കിൽ തീർച്ചയായും വൺ ആണ്. ഇടയ്ക്കിടയ്ക്ക് വിജയിയാണെങ്കിൽ നമ്പർവൺ അല്ല. ശരി. സേവനത്തിന്റെ ആശംസകൾ, സേവനത്തിന്റെ സർട്ടിഫിക്കറ്റ് വളരെ ലഭിച്ചു, ഇനിയേത് സർട്ടിഫിക്കറ്റ് നേടണം? ഒന്ന്– തന്റെ പുരുഷാർത്ഥത്തിൽ ഹൃദയത്തിന് ഇഷ്ടപ്പെട്ടവരാകണം, രണ്ടാമത്തേത്– പ്രഭുവിന് ഇഷ്ടപ്പെട്ടവരാകണം, മൂന്നാമത്തേത്– പരിവാരത്തിന് ഇഷ്ടപ്പെട്ടവരാകണം. ഈ മൂന്ന് സർട്ടിഫിക്കറ്റ് ഓരോരുത്തരും നേടണം. ഏതെങ്കിലും ഒരു സർട്ടിഫിക്കറ്റ് മാത്രം പോരാ. മൂന്നും ഉണ്ടായിരിക്കണം. അതിനാൽ ബാബയ്ക്ക് ഇഷ്ടപ്പെട്ടവരാണോ? ബാബയെന്ത് പറഞ്ഞുവോ ചെയ്തു. ഇതാണ് പ്രഭുവിന് ഇഷ്ടപ്പെട്ടതിന്റെ സർട്ടിഫിക്കറ്റ്. സ്വയത്തിന്റെ ഇഷ്ടം അർത്ഥം നിങ്ങളുടെ ഹൃദയം പോലെ തന്നെയാകണം ബാബയുടെയും ഹൃദയം. തന്റെ പരിധിയുള്ള ഹൃദയത്തിനിഷ്ടപ്പെടുന്നവരല്ല എന്നാൽ ബാബയുടെ ഹൃദയം തന്നെയാണ് എന്റെയും ഹൃദയം. എന്താണോ ബാബയുടെ ഹൃദയത്തിനിഷ്ടപ്പെടുന്നത് അത് തന്നെയാകണം എന്റെയും ഹൃദയത്തിനിഷ്ടപ്പെടുന്നത്, ഇതിനെയാണ് ഹൃദയത്തിനിഷ്ടപ്പെട്ടതിന്റെ സർട്ടിഫിക്കറ്റ്, പരിവാരത്തിന്റെ സന്തുഷ്ടതയുടെ സർട്ടിഫിക്കറ്റ്. അപ്പോൾ ഈ മൂന്ന് സർട്ടിഫിക്കറ്റ് നേടിയോ? സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ അതിനെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. മുതിർന്നവരിലൂടെ സ്ഥിരീകരിക്കേണ്ടി യിരിക്കുന്നു. ബാബ പെട്ടെന്ന് തന്നെ സന്തുഷ്ടമാകുന്നു പക്ഷെ ഇവിടെ സർവ്വരെയും സന്തുഷ്ടമാക്കണം. അതിനാൽ കൂടെ വസിക്കുന്നവരുടെ സർട്ടിഫിക്കറ്റിനെയും

സ്ഥിരീകരിക്കണം. ബാബ കൂടുതൽ ദയാമനസ്കനല്ലേ, അതിനാൽ ഹാംജീ പറയും. ശരി, സർവ്വരുടെയും ഡിപാർട്ട്മന്റ് നിർവ്വിഘ്നമാണോ സ്വയവും നിർവ്വിഘ്നമാണോ? സേവനത്തിന്റെ സുഗന്ധം വിശ്വത്തിലും ഉണ്ട് സൂക്ഷ്മ വതനത്തിലുമുണ്ട്. ഇപ്പോൾ കേവലം ഈ മൂന്ന് സർട്ടിഫിക്കറ്റുകളെ സ്ഥിരീകരിക്കണം. ശരി.

ഭാരതവാസികളോട്– സുഖദാതാവായ ബാബയോടൊപ്പം സുഖിയായ കുട്ടികളായി എന്ന അനുഭവമുണ്ടോ? ബാബ സുഖദാതാവാണ് അപ്പോൾ കുട്ടികൾ സുഖസ്വരൂപരായിരിക്കുമല്ലോ? ഇടയ്ക്ക് ദുഃഖത്തിന്റെ അലകൾ വരുന്നുണ്ടോ? സുഖദാതാവിന്റെ കുട്ടികളുടെയടുത്ത് ദുഃഖത്തിന് വരാൻ സാധിക്കില്ല കാരണം സുഖദാതാവായ ബാബയുടെ ഖജനാവ് തന്റെ ഖജനാവായി മാറി. സുഖം തന്റെ സമ്പത്തായി. സുഖം, ശാന്തി, ശക്തി, സന്തോഷം– നിങ്ങളുടെ ഖജനാവാണ്. ബാബയുടെ ഖജനാവ് തന്നെ നിങ്ങളുടെ ഖജനാവായി. ബാലകൻ തന്നെ അധികാരിയല്ലേ. ശരി. ഭാരതവും കുറവൊന്നുമല്ല. ഓരോ ഗ്രൂപ്പിലും എത്തിപ്പെടുന്നു. ബാബയും സന്തോഷിക്കുന്നു. 5000 വർഷങ്ങളായി നഷ്ടപ്പെട്ടവരെ വീണ്ടും ലഭിക്കുമ്പോൾ എത്ര സന്തോഷമായിരിക്കും. 10–12 വർഷങ്ങളായി കാണാതായവരെ വീണ്ടും കണ്ടുമുട്ടുമ്പോൾ എത്ര സന്തോഷമുണ്ടാകുന്നു. ഈ 5000 വർഷം ബാബയും കുട്ടികളും വേർപ്പെട്ടു, ഇപ്പോൾ വീണ്ടും മിലനം ചെയ്തു, അതിനാൽ വളരെ സന്തോഷമായില്ലേ. ഏറ്റവും കൂടുതൽ സന്തോഷം ആർക്കാണ് ഉള്ളത്? സർവ്വരുടെയുമടുത്തുണ്ട് കാരണം ഈ സന്തോഷത്തിന്റെ ഖജനാവ് അത്രയും വലുതാണ്, എത്ര എടുത്താലും അളവറ്റതാണ്. അതിനാൽ ഓരോരുത്തരും അധികാരി ആത്മാവാണ്. അങ്ങനെയല്ലേ? സംഗമയുഗത്തെ ഏതൊരു യുഗമെന്നാണ് പറയുന്നത്? സംഗമയുഗം സന്തോഷത്തിന്റെ യുഗമാണ്. ഖജനാവ് തന്നെ ഖജനാവാണ്, എത്ര ഖജനാവ് നിറയ്ക്കണോ അത്രയും നിറച്ചോളു. ധനവാൻ ഭവ, സർവ്വ ഖജനാക്കളും കൊണ്ട് നിറയുന്നവരായി ഭവിക്കട്ടെ എന്ന വരദാനം ലഭിച്ചിരിക്കുന്നു. സർവ്വ ഖജനാക്കളുടെ വരദാനം പ്രാപ്തമാണ്. ബ്രാഹ്മണ ജീവിതത്തിൽ സന്തോഷം തന്നെ സന്തോഷമാണ്. ഈ സന്തോഷം ഒരിക്കലും നഷ്ടപ്പെടുന്നില്ലല്ലോ? മായ ഖജനാക്കൾ മോഷ്ടിക്കുന്നില്ലല്ലോ? ശ്രദ്ധയോടെ സമർത്ഥരായിക്കുന്നവരുടെ ഖജനാവ് ഒരിക്കലും മോഷ്ടിക്കാൻ സാധിക്കില്ല. ലേശം അലസരാകുമ്പോൾ അവരുടെ ഖജനാക്കൾ മോഷ്ടിക്കപ്പെടുന്നു. നിങ്ങൾ ശ്രദ്ധയുള്ളവരല്ലേ. അതോ ഇടയ്ക്കിടയ്ക്ക് ഉറങ്ങി പോകുന്നുണ്ടോ? ഉറങ്ങി പോയാൽ മോഷണം നടക്കാറില്ലേ. അലസരായി. സദാ സമർത്ഥർ, സദാ തെളിഞ്ഞ ജ്യോതിയായിരിക്കണം എങ്കിൽ ഖജനാവ് കൊള്ളയടിക്കാനുള്ള ധൈര്യം മായക്ക് ഉണ്ടാകില്ല. ശരി. എവിടെ നിന്ന് വന്നവരായിക്കോട്ടെ എല്ലാവരും കോടിമടങ്ങ് സൗഭാഗ്യശാലികളാണ്. ഇതേ ഗീതം പാടിക്കൊണ്ടിരിക്കൂ– സർവ്വതും ലഭിച്ചു കഴിഞ്ഞു. 21 ജന്മത്തേക്കുള്ള ഗ്യാരന്റിയാണ് ഈ ഖജനാവ് സദാ കൂടെയുണ്ടായിരിക്കും. ഇത്രയും വലിയ ഗ്യാരന്റി മറ്റാർക്കും നല്കാൻ സാധിക്കില്ല. അതിനാൽ ഈ ഗ്യാരന്റി കാർഡ് നേടിയില്ലേ. ഈ ഗ്യാരന്റി കാർഡ് സാധാരണ ആത്മാവിന് നല്കാൻ സാധിക്കില്ല. ദാതാവാണ്, അതിനാൽ ഭയമില്ല, യാതൊരു സംശയവുമില്ല. ശരി.

## വരദാനം– ഫോളോ ഫാദർ ചെയ്ത് സത്പുത്രരായി ഓരോ കർമ്മത്തിലും തെളിവ് നല്കുന്ന സഫലതാ സ്വരൂപരായി ഭവിക്കട്ടെ.

ഫോളോ ഫാദർ ചെയ്യുന്ന കുട്ടികൾ തന്നെയാണ് സമാനമായിട്ടുള്ളവർ, കാരണം ബാബയുടെ ചുവടെന്താണോ അത് തന്നെയാണ് നിങ്ങളുടെയും ചുവട്. ഓരോ കർമ്മത്തിലും തെളിവ് നല്കുന്നവരെയാണ് ബാപ്ദാദ സത്പുത്രർ എന്ന് പറയുന്നത്. സത്പുത്രർ അർത്ഥം സദാ ബാബയുടെ ശ്രീമത്താകുന്ന കൈയ്യും കൂട്ടും അനുഭവിക്കുന്നവർ. ബാബയുടെ ശ്രീമത്ത് അഥവാ വരദാനത്തിന്റെ കൈ ഉള്ളയിടത്ത് സഫലതയുണ്ട്. അതിനാൽ ഏതൊരു കാര്യം ചെയ്തും ഇത് സ്മൃതിയിൽ കൊണ്ടു വരൂ– ബാബയുടെ വരദാനി ഹസ്തം നമ്മുടെ മേലുണ്ട്.

## സ്ലോഗൻ – വജ്ര സമാനമായ ഉയർന്ന സ്ഥിതിയിലിരുന്ന് ചെയ്യുന്ന കർമ്മം തന്നെയാണ് മൂല്യമുള്ള കർമ്മം.

സൂചന– ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ചയാണ്, സർവ്വ രാജയോഗി തപസ്വീ സഹോദരീ സഹോദരൻമാർ സന്ധ്യയ്ക്ക് 6.30 മുതൽ 7.30 വരെ വിശേഷ യോഗ അഭ്യാസത്തിന്റെ സമയത്ത് തന്റെ ഇഷ്ട ദേവൻ, ദയാമനസ്കൻ, ദാതാവിന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്ത് ഭക്തരുടെ മനോകാമനകളെ പൂർത്തീകരിക്കുന്നതിനുള്ള സേവനം ചെയ്താലും.